"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നവകേരള സദസ്സ് -പാലാ ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം - സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി- ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.1118/2026/H&FWD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 28.07.2025 തീയതിയിലെ സ.ഉ.(കൈ)നം.3/2025/PIEMD
2. 22.09.2025 തീയതിയിലെ സ.ഉ.(കൈ )നം.4/2025/PIEMD
3. 06.10.2025 തീയതിയിലെ സ.ഉ.(സാധാ)നം.3055/2025/H&FWD
4. 31.01.2026 തീയതിയിലെ സ.ഉ.(സാധാ)നം.374/2026/H&FWD
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.03.2026 തീയതിയിലെ DHS/22873/2025-MSP2 നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ 13.03.2026 തീയതിയിലെ മിനിറ്റ്സ്

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം നവകേരള സദസ്സിലെ പദ്ധതികളിൽ ഉൾപ്പെടുത്തി പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും, ലിഫ്റ്റ് സംവിധാനം ഒരുക്കുന്നതിനുമായി ₹3.41 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാലാ ജനറൽ ആശുപത്രിയുടെ പഴയ കാഷ്വാലിറ്റി ബ്ലോക്കിൽ നിലവിലുള്ള 20 പാസഞ്ചർ ബെഡ് - കം - ലിഫ്റ്റും (1 എണ്ണം), 8 പാസഞ്ചർ ലിഫ്റ്റും (1 എണ്ണം) മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമറ്റുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും ആയതിന് ഭരണാനുമതി

ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രൊപ്പോസൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി പരാമർശം (3) പ്രകാരം രൂപീകരിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി, പരിശോധിക്കുകയും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കെൽട്രോൺ എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ സ്റ്റാറ്റസ് ഇല്ലായെന്ന് കാണുതിനെ തുടർന്ന് പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി, 02/0912022 തീയതിയിലെ ലെ GO(P)No.104/2022/Fin, 28/04/2021 തീയതിയിലെ GO(P)No.67/2021/Fin, 17.01.2022 തീയതിയിലെ G.O.(P)7/2022/Fin, എന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് ഒരു അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും, ശേഷിച്ച പ്രവർത്തികൾക്ക് പരാമർശം (4) പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതായും, ₹ 1,57,46,280/-രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും, ആയതിനാൽ 50 ദിവസത്തിനകം പ്രവർത്തി പൂർത്തീകരിച്ച് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി പരാമർശം (3) പ്രകാരം രൂപീകരിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ 13.03.2026 തീയതിയിലെ പരാമർശത്തിലെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് **₹ 1,57,46,280/-രൂപയുടെ (ഒരു കോടി അൻപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം)** പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

i) ഊർജ്ജ വകുപ്പും അനെർട്ടും (ANERT) നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി മാത്രമേ പ്രവൃത്തി നടപ്പിലാക്കുന്നുള്ളൂ എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

ii) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ (KSEBL) നിലവിലുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ

പാലിച്ചും, ആവശ്യമെങ്കിൽ കെ.എസ്.ഇ.ബി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലും മാത്രമാണ് സോളറൈസേഷൻ (സൗരോർജ്ജ സംവിധാനം സ്ഥാപിക്കൽ) നടത്തുന്നതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH R

ADDITIONAL SECRETARY

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് ഇലക്ട്രിക്കൽ എഞ്ചിനിയർ, പൊതുമരാമത്ത് വപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ്  എഞ്ചിനിയർ, പൊതുരമാത്ത് വകുപ്പ് (വൈദ്യുത വിഭാഗം), സിവിൽ സ്റ്റേഷൻ,ആലപ്പുഴ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എർഇ), കേരളം, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/260/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
സെക്ഷൻ ഓഫീസർ
Date: 15-03-2026 16:06:06